"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 28.57 ആർ ഭൂമി നാമമാത്ര പാട്ടനിരക്കായ ആർ ഒന്നിന് പ്രതിവർഷം 100 രൂപ നിരക്കിൽ, 30 വർഷത്തേക്ക് മണ്ണടി UIT-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എം) വകുപ്പ്**

സ.ഉ.(കൈ) നം.12/2025/RD തീയതി,തിരുവനന്തപുരം, 20-01-2025

പരാമർശം:-

1. കേരള യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ 19.11.222-ലെ Ad.AVII A/19331/2019 നമ്പർ കത്ത്.
2. പത്തനംതിട്ട ജില്ലാ കളക്ടറുടെ 14.11.2023-ലെ DCPTA/5499/2023-C11 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 29.12.2023-ലെ LR/4317/2023-LR(J6) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിൽ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള UIT മണ്ണടി സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽപ്പെട്ട സർക്കാർ ഭൂമി അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള സർവ്വകലാശാലാ രജിസ്ട്രാർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയുടെയും, പരാമർശം (2) പ്രകാരമുള്ള പത്തനംതിട്ട ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലുള്ള പാട്ടം പ്രൊപോസൽ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപേക്ഷാ ഭൂമി പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 49 ആർ സർക്കാർ പുറമ്പോക്കാണെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും ടി ഭൂമിയിൽ നിന്നും റോഡിന്റെ ഭാഗവും വഴിയും ഒഴിവാക്കിയതിനു ശേഷമുള്ള 28.57 ആർ ഭൂമി UIT കെട്ടിടനിർമാണത്തിനായി പാട്ടത്തിനു നൽകാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. അപ്രകാരം പാട്ടത്തിനു നൽകേണ്ടുന്ന ഭൂമിയുടെ ആകെ കമ്പോളവില 1,11,62,870/- രൂപയാണെന്നും, മൂന്ന് വർഷത്തെ പാട്ടത്തുക മുൻകൂർ നൽകണമെന്ന വ്യവസ്ഥയോടെ, 06.02.2016-ലെ സ.ഉ(എം)എസ് 96/2016/റവ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകാവുന്ന 2% നിരക്കിൽ പാട്ടം അനുവദിക്കാവുന്നതാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളതാണ്. അപ്രകാരം 2,23,257/- രൂപയാണ് വാർഷിക പാട്ടത്തുകയായി ലാൻഡ് റവന്യൂ കമ്മീഷണർ നിശ്ചയിച്ചിരുന്നത്.

3. എന്നാൽ, വളരെ ചെറിയ നിരക്കിൽ ഫീസ് കൈപ്പറ്റി പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകിവരുന്ന സ്ഥാപനം എന്ന നിലയിൽ മണ്ണടി UIT-ക്ക് അതിന്റെ തുടർ പ്രവർത്തനത്തിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സ്വന്തമായി ഭൂമി ഇല്ലാത്തതിനാലാണ് ഭൂമി പാട്ടത്തിന് ആവശ്യമായി വന്നത് എന്നും, അതിനാൽ തന്നെ 27.07.2011-ലെ സ.ഉ(കൈ)നം.280/2011/RD നമ്പർ ഉത്തരവിലെ ഖണ്ഡിക 4(8) പ്രകാരം നോമിനൽ പാട്ടമായ,

ആർ ഒന്നിന് പ്രതിവർഷം നൂറ് രൂപ (നൂറ് രൂപ മാത്രം) പാട്ടത്തുകയായി നിജപ്പെടുത്തി ഭൂമി അനുവദിക്കണമെന്ന് സർവ്വകലാശാല അഭ്യർത്ഥിച്ചതായും ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വളരെ ചെറിയ നിരക്കിൽ ഫീസ് കൈപ്പറ്റി പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകിവരുന്ന സ്ഥാപനം എന്ന നിലയിൽ നോമിനൽ പാട്ടം മാത്രം ഈടാക്കി ഭൂമി അനുവദിക്കണമെന്ന സർവകലാശാലയുടെ ആവശ്യം പരിഗണിച്ചുകൊണ്ട്, പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 28.57 ആർ ഭൂമി, നാമമാത്ര പാട്ടനിരക്കായ ആർ ഒന്നിന് പ്രതിവർഷം 100 രൂപ നിരക്കിൽ, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2024-2025 മുതൽ 30 വർഷത്തേക്ക് മണ്ണടി UIT-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;
ii. ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ,പാടുള്ളതല്ല;
iii. ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;
iv. ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സർവ്വകലാശാല തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ്;
v. ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.
vi. ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
vii. പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.
viii. പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.
ix. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

5. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ പത്തനംതിട്ട ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പത്തനംതിട്ട.

തഹസിൽദാർ, അടൂർ.
രജിസ്ട്രാർ, കേരള സർവകലാശാല, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (15.01.2025-ലെ ഇനം 2617 പ്രകാരം).
ധനകാര്യ വകുപ്പ് (EXP-D3/53/2024/Fin dated 04.10.2024 പ്രകാരം)
ഉന്നതവിദ്യാഭ്യാസ വകുപ്പ് (B3/64/2024/HEDN പ്രകാരം).
വിവര-പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ (E-2390522).

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 21-01-2025 11:18:47
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക്.
റവന്യൂ അഡിഷണൽ സെക്രട്ടറിക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-01-2025

ഫയൽ നം. എം1/25/2023/റവ. ഇനം നം: 2617

വിഷയം : റവന്യൂ വകുപ്പ് - കേരള സർവ്വകലാശാലയുടെ കീഴിലുള്ള UIT മണ്ണടി സെന്ററിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വെ നം.334/14-ൽപ്പെട്ട 28.57 ആർ ഭൂമി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

15/1

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

SO(M), put up draft GO immediately.
17/1

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം1/25/2023/റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | കേരള സർവ്വകലാശാലയുടെ കീഴിലുള്ള UIT മണ്ണടി സെന്ററിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം.334/14-ൽപ്പെട്ട 28.57 ആർ ഭൂമി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02.11.2024 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 27.11.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 07.01.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 08.01.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 10.01.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

# <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1. കേരള സർവ്വകലാശാലയുടെ കീഴിലുള്ള UIT മണ്ണടി സെന്ററിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 28.57 ആർ ഭൂമി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. പത്തനംതിട്ട ജില്ലയിൽ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള UIT മണ്ണടി സെന്ററിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 49 ആർ സർക്കാർ ഭൂമി പാട്ടത്തിന് അനുവദിക്കണമെന്ന അപേക്ഷ കേരള സർവ്വകലാശാലാ രജിസ്ട്രാർ സമർപ്പിച്ചിട്ടുള്ളതാണ്.

3. അപേക്ഷാ ഭൂമി പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 49 ആർ സർക്കാർ പുറമ്പോക്കാണെന്ന്, പത്തനംതിട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമിയിൽ റോഡിന്റെ ഭാഗവും വഴിയും ഒഴിവാക്കിയതിനു ശേഷമുള്ള 28.57 ആർ ഭൂമി UIT കെട്ടിടനിർമാണത്തിനായി പാട്ടത്തിനു നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്. ടി ഭൂമിയുടെ ആകെ കമ്പോളവില 1,11,62,870/- രൂപയാണെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതും മൂന്ന് വർഷത്തെ പാട്ടത്തുക മുൻകൂർ നൽകണമെന്ന വ്യവസ്ഥയോടെ, 06.02.2016-ലെ സ.ഉ(എം)എസ് 96/2016/റവ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൂമി പാട്ടത്തിന് നൽകാവുന്ന 2% നിരക്കിൽ പാട്ടം അനുവദിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുള്ളതുമാണ്. അപ്രകാരം വാർഷിക പാട്ടത്തുകയായി നിശ്ചയിക്കേണ്ടത് **2,23,260/-** രൂപയാണ്.

4. തുടർന്ന്, ടി ഭൂമി 2,23,260/- രൂപ വാർഷിക പാട്ടം ഈടാക്കിക്കൊണ്ട്, മണ്ണടി UIT-യ്ക്ക് കെട്ടിടം നിർമിക്കുന്നതിന് വേണ്ടി കേരള യൂണിവേഴ്സിറ്റി പേരിൽ ആദ്യപടിയായി പത്തു വർഷത്തേക്ക് പാട്ടത്തിന് നൽകുന്ന വിഷയത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

'പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റി.സർവ്വേ നം.334/14 ൽപ്പെട്ട 49 ആർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ, റോഡിന്റെ ഭാഗവും വഴിയും ഒഴിവാക്കിയിട്ടുള്ള 28.57 ആർ ഭൂമി, 27.07.2011 ലെ സ.ഉ(കൈ)നം.280/2011/RD നമ്പർ ഉത്തരവിലെ ഖണ്ഡിക 4(5) പ്രകാരം വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ മണ്ണടി യു.ഐ.ടി-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിക്കണമെന്നാണ് കേരള സർവ്വകലാശാല

അപേക്ഷിച്ചിരിക്കുന്നത്.

കൂടാതെ, വളരെ ചെറിയ നിരക്കിൽ ഫീസ് കൈപ്പറ്റി പ്രദേശത്തെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകിവരുന്ന സ്ഥപനം എന്ന നിലയിൽ മണ്ണടി യു.ഐ.ടിക്ക് അതിന്റെ തുടർ പ്രവർത്തനത്തിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സ്വന്തമായി ഭൂമി ഇല്ലാത്തതിനാലാണ് ഭൂമി പാട്ടത്തിന് ആവശ്യമായി വന്നത് എന്നും അതിനാൽ തന്നെ മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 4(8) പ്രകാരം നോമിനൽ പാട്ടമായ, ആർ ഒന്നിന് പ്രതിവർഷം നൂറ് രൂപ (നൂറ് രൂപ മാത്രം) പാട്ടത്തുകയായി നിജപ്പെടുത്തി ഭൂമി അനുവദിക്കണമെന്നും സർവ്വകലാശാല അപേക്ഷിച്ചിരിക്കുന്നു എന്ന വിവരം അറിയിക്കുന്നു
ഇതിന് ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അംഗീകാരമുണ്ട്'

5. തുടർന്ന്, അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 28.57 ആർ ഭൂമിക്ക് നാമമാത്രപാട്ടനിരക്കായ ആർ ഒന്നിന് പ്രതിവർഷം 100 രൂപ ഈടാക്കി, 30 വർഷത്തേക്ക് മണ്ണടി UIT-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് അനുവദിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു
'ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നു. ഇതിന് ബഹു.ധനകാര്യ വകുപ്പു മന്ത്രിയുടെ അംഗീകാരമുണ്ട്'

6. പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 28.57 ആർ ഭൂമിക്ക് നാമമാത്രപാട്ടനിരക്കായ ആർ ഒന്നിന് പ്രതിവർഷം 100 രൂപ ഈടാക്കി, 30 വർഷത്തേക്ക് മണ്ണടി UIT-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ഉത്തരവിനായി ഫയൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി മുഖാന്തിരം ബഹു.മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തിരുന്നു. വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുള്ളതാണ്

## <u>തീരുമാനിക്കേണ്ട വിഷയം</u>

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ കടമ്പനാട് വില്ലേജിൽ ബ്ലോക്ക് നം.15/12, റീസർവ്വേ നം. 334/14-ൽപ്പെട്ട 28.57 ആർ ഭൂമിക്ക് നാമമാത്രപാട്ടനിരക്കായ ആർ ഒന്നിന് പ്രതിവർഷം 100 രൂപ ഈടാക്കി, പ്രസ്തുത ഭൂമി ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി 30 വർഷത്തേക്ക് മണ്ണടി UIT-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി കേരള സർവ്വകലാശാലയുടെ പേരിൽ പാട്ടത്തിന് അനുവദിക്കാമോ?

**നിബന്ധനകൾ**

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ,പാട്ടുള്ളതല്ല;

iii) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും കേരള സർവ്വകലാശാല തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാട്ടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാട്ടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

vi) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

vii) പാട്ടത്തുക എല്ലാ സാമ്പത്തികവർഷത്തിന്റെയും ആദ്യമൂന്നു മാസത്തിനുള്ളിൽതന്നെ ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2%-മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

viii) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്.

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.